## MESSAGE FROM THE SECRETARY

പ്രിയരെ,
പ്രയാസങ്ങളുടേയും പ്രതിസന്ധികളുടേയും മധ്യത്തിൽ, നമ്മെ തേടി വന്നു വിടുവിക്കുന്ന ക്രിസ്തുദേവൻ.



ഇരുൾവെളുപ്പോളം ആഴത്തിൽ വലയെറിഞ്ഞിട്ടും ഒന്നും ലഭിക്കാത്തവർക്ക് കരയോടടുത്ത് അനുഗ്രഹങ്ങളെ എത്തിക്കുന്ന അരുമനാഥൻ.

പ്രാതൽ ഒരുക്കി ആതിഥേയം നൽകിയ ശേഷം, ഇപ്പോൾ ലഭിച്ച അനുഗ്രഹങ്ങളിൽ ചിലത് സമർപ്പിക്കുവാൻ ഓർമ്മപ്പെടുത്തുന്ന ക്രിസ്തുദേവൻ.

സ്നേഹത്തിന്റെ ആഴങ്ങളെ ബോധ്യപ്പെടുത്തി, തന്റെ ആടുകളുടെ മേൽനോട്ടം ഏല്പ്പിക്കുന്ന സർവ്വരുടേയും മഹാ ഇടയൻ.

അതെ, അനുഗ്രഹ സമർപ്പണവും സഭാ പരിപാലനവും നാം ഒരോരുത്തരുടേയും ഉത്തരവാദിത്വം ആകുന്നു. ഈ രണ്ട് ഉത്തരവാദിത്വങ്ങളിൽ നിന്നും നമുക്കാർക്കും പുറംതിരിഞ്ഞുനിൽക്കുവാൻ കഴിയാതിരിക്കട്ടെ. . .

ഞങ്ങളുടെ കഴിഞ്ഞ ഒരുവർഷക്കാലത്തെ ഉത്തരവാദിത്വനിർവ്വഹണത്തിൽ ലഭിച്ച കർത്താവിന്റെ കൃപയും നിങ്ങളുടെ ഒരോരുത്തരുടേയും സഹായവും സഹകരണവും പ്രാർത്ഥനയും പ്രോത്സാഹനവും എല്ലാം നന്ദിയോടെ ഓർക്കുന്നു. . ഇത്തരത്തിൽ നിങ്ങളുടെ എല്ലാവിധ സഹായസഹകരണങ്ങളും പുതിയ വർഷത്തെ ഭാരവാഹികൾക്കും, കൈസ്ഥാനസമതിക്കും നൽകണം എന്ന് അഭ്യർത്ഥിക്കുന്നു.

ഈ ഒരു വർഷക്കാലം അളവില്ലാതെ, അനവധിയായി പരിപാലിച്ച കർത്താവിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു. ഏവർക്കും ഒരിക്കൽകൂടി സ്നേഹസൗഹൃദത്തിന്റെ ഒരായിരം നന്ദി . . .

പ്രാർത്ഥനയോടെ,

ജോസ് ലൂക്കോസ് നെല്ലിവിള,
ഇടവക സെക്രട്ടറി


***Contact Number:***
*055 - 474 7468, 050 - 553 8163,*
*e-mail: josenellivila@hotmail.com / josenellivila@yahoo.com*